"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കണ്ണൂർ ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.454/2025/DMD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-
1. 27.03.2018 തീയതിയിലെ സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി.
2. 27.03.2025 തീയതിയിലെ സ. ഉ. (സാധാ) നം. 183 /2025/ഡി.എം.ഡി.
3. എം. വിജിൻ എം.എൽ.എ. (കല്ല്യാശേരി) യുടെ 12.06.2025 തീയതിയിലെ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (2) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്തിലെ വെള്ളരിയാനം കോയിപ്ര റോഡ് (ക്രമനമ്പർ 61) മാട്ടൂൽ പഞ്ചായത്തിലെ ജസീന്തകളരി ക്ഷേത്രം - സിദ്ദീഖാബാദ് റോഡ് (ക്രമനമ്പർ 66) എന്നീ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ടും അതിന് പകരമായി ചുവടെ കൊടുത്തിരിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി മാറ്റി അനുവദിച്ചുകൊണ്ടും ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നം. | റോഡുകളുടെ പേര് | പഞ്ചായത്ത്/നഗരസഭ | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പറവൂർ - കാരക്കുണ്ട് റോഡ് | കടന്നപ്പള്ളി പാണപ്പുഴ | 10 |
| 2 | ഗ്രാമീണ വായനശാല ബീച്ച് റോഡ് | മാട്ടൂൽ | 10 |

2. പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് കണ്ണൂർ ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണ പ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

3. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ& പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/123/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-07-2025 11:34:06
സെക്ഷൻ ഓഫീസർ

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്